**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 60** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ റിപ്പോർട്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. പി. സുമോദ്

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. കെ. വി. സുമേഷ്

ശ്രീ. കാരായി രാജൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് 2024-25-ൽ വൈദ്യുതി പ്രസരണ-വിതരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് സാധിച്ചതായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. 2024-25 -ൽ സംസ്ഥാനത്തെ പ്രസരണ വിതരണ നഷ്ടം 9.76 ശതമാനത്തിൽ നിന്നും 9.33 ശതമാനമാക്കി കുറക്കാൻ കഴിഞ്ഞിട്ടുണ്ട്. അതായത് 2024-25-ൽ പ്രസരണ വിതരണ നഷ്ടം 2023-24 നെ അപേക്ഷിച്ച് 0.43 ശതമാനം കുറക്കാൻ സാധിച്ചിട്ടുണ്ട്.

**(ബി)** എത്ര ശതമാനം വൈദ്യുതി പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാനാണ് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചത്; എത്ര ശതമാനമായി കുറയ്ക്കാൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

**<u>മറുപടി:</u>**

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25.06.2022- ൽ പുറപ്പെടുവിച്ച 2022-23 മുതൽ 2026-27 വരെയുള്ള Multi Year Tariff (MYT) ഉത്തരവ് പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡ് പ്രതിവർഷം പ്രസരണ വിതരണ നഷ്ടം മുൻ വർഷത്തിൽ നിന്നും 0.40 ശതമാനം വച്ച് വർഷാ വർഷം കുറവ് ചെയ്യണം എന്ന് ഉത്തരവിടുകയുണ്ടായി.

എന്നാൽ Multi Year Tariff (MYT) ഉത്തരവ് പ്രകാരം ഉള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തി 21.05.2026- ലെ ട്രൂ അപ്പ് ഉത്തരവ് പ്രകാരം മുൻ വർഷത്തെ (2023-24) യഥാർത്ഥ പ്രസരണ വിതരണ നഷ്ടമായ 9.76 ശതമാനത്തിൽ നിന്നും ടാർഗറ്റ് കുറവായ 0.40 ശതമാനം നീക്കി 2024-25 വർഷത്തേക്ക് പ്രസരണ വിതരണ നഷ്ടം 9.36 ശതമാനമായി കമ്മീഷൻ നിശ്ചയിച്ചിരുന്നു. പ്രസരണ വിതരണ നഷ്ടം 9.33 ശതമാനം ആയതിനാൽ ടാർഗെറ്റിനെ അപേക്ഷിച്ച 0.03 ശതമാനം അധികം കുറവ് ചെയ്യാൻ കെ.എസ്.ഇ.ബി.എൽ-ന് സാധിച്ചതായി കമ്മീഷൻ പരാമർശിച്ചിട്ടുണ്ട്.

**(സി)** നഷ്ടം കുറച്ചതിലൂടെ എത്ര ദശലക്ഷം വൈദ്യുതി ലാഭിക്കാൻ ബോർഡിന് കഴിഞ്ഞിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രസരണ വിതരണ നഷ്ടം കുറച്ചതുവഴി ഏകദേശം 152 ദശലക്ഷം യൂണിറ്റ് വൈദ്യുതി, 2024-25 വർഷത്തിൽ ലാഭിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി വൈദ്യുതി വാങ്ങൽ ചെലവിൽ

കുറവുവന്നിട്ടുണ്ട്. എന്നാൽ മറ്റു ചിലവുകൾ വർദ്ധിച്ചതിനാൽ, 2024–25 വർഷത്തേക്ക്, കമ്മീഷൻ അംഗീകരിച്ച വരുമാന കമ്മി 313.53 കോടി രൂപയാണ്. കമ്മീഷൻ അംഗീകരിച്ച കണക്കുകൾ പ്രകാരം മുൻവർഷങ്ങളിലെ സഞ്ചിത നഷ്ടം 31.03.2025 വരെ 6958.831 കോടി രൂപയാണ്. ടി കാരണത്താൽ പ്രസരണ വിതരണ നഷ്ടം കുറച്ചുവഴി, വൈദ്യുതി വാങ്ങൽ ചെലവ് ലാഭിച്ചിരിക്കുന്നതിനനുസൃതമായി താരിഫ് കുറയ്ക്കാൻ സാധിച്ചിട്ടില്ല.

**(ഡി)** ഇതുവഴി വൈദ്യുതി നിരക്കായി ജനങ്ങളിൽ നിന്നും ഈടാക്കേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**